01/12/21



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.237(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5296/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കെ. ജയചന്ദ്രൻ ബാബു,<br>മേലൂട്ടിൽ വീട്,<br>ദർപ്പക്കാട്, അയിരക്കുഴി പി.ഒ.,<br>ചിതറ, കൊല്ലം-691559 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>വില്ലേജ് ഓഫീസർ,<br>മാങ്കോട് വില്ലേജ്, കൊട്ടാരക്കര താലൂക്ക്,<br>കൊല്ലം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 20.04.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 23.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.06.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 29.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 12.11.2021, പുനലൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജയചന്ദ്രബാബു കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 08.03.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, മാങ്കോട് വില്ലേജിൽപ്പെട്ട 190/10-2 വസ്തുവിന്റെ സമീപത്തുകൂടി ഏതെങ്കിലും പൊതു വഴി ഉണ്ടെങ്കിൽ അതിന്റെ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ്. ടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 29.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ച കരം ഒടുക്ക് രസീത് പ്രകാരം പരിശോധിച്ചതിൽ ബ്ലോക്ക് 53 സർവ്വേ 190/10-2 എന്ന് കാണുന്നത് പുറംപോക്ക് റോഡ് എന്ന് കാണുന്നതായി ബി.റ്റി.ആർ. പ്രകാരമുള്ള വിവരം കക്ഷിക്ക് നൽകിയിരുന്നുവെന്നും സർവ്വെ 190 പൂർണ്ണമായിട്ടും സർക്കാർ റോഡാണെന്നും ടിയാൻ ആവശ്യപ്പെട്ട സർവ്വെ നമ്പർ നിലവിലില്ലാത്തതിനാൽ എഫ്.എം.ബി. പകർപ്പ് അയച്ചു കൊടുക്കുന്നതിന് കഴിയില്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.03.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. എന്നാൽ ഹർജികക്ഷി ഹിയറിംഗ് വേളയിൽ എതിർകക്ഷിയിൽ നിന്നും ലഭ്യമായ 12.04.2021 രേഖപ്പെടുത്തിയ മറുപടി കമ്മീഷൻ മുമ്പാകെ ഹാജരാക്കി. മേപ്പടി കത്ത് 07.05.2021 നാണ് ടിയാന് ലഭിച്ചതെന്നാണ് ടിയാൻ ബോധിപ്പിച്ചത്. ആയതിന് തെളിവായി പോസ്റ്റ് കവറിൽ തീയതി സീൽ ചെയ്തിട്ടുള്ളത് ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കി. കൂടാതെ ടി മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസമോ, അപ്പീൽ കാലാവധിയോ രേഖപ്പെടുത്തിയതായി കാണുന്നില്ല. പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ കാണുന്നു. എതിർകക്ഷിയുടെ മേൽ നടപടികൾ വിവരാവകാശ നിയമം 7(1) വകുപ്പ് പ്രകാരം കുറ്റകരവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർക ക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടു വിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെ

ങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരന്റെ 08.03.2021 ലെ അപേക്ഷ നിലവിലെ എസ്.പി.ഐ.ഒ. ഒന്നുകൂടി പരിശോധിച്ച് എല്ലാ കാര്യങ്ങളും വ്യക്തമാക്കി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജികക്ഷിക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp